ചോദ്യോത്തരം

മുജീബ്

# ഇസ്‌ലാമിൽ പൗരോഹിത്യം?

■ *ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാമിക പണ്ഡിതവര്യന്മാരെ 'മതപുരോഹിതർ' എന്ന മുദ്രചാർത്തി രൂക്ഷമായി വിമർശിച്ചു വരുന്നു. യഥാർഥത്തിൽ മറ്റു മതങ്ങളിൽ ഉള്ളതുപോലെ ഇസ്‌ലാമിൽ പൗരോഹിത്യം നിലനിൽക്കുന്നുണ്ടോ? മുമ്പും ഈ 'പുരോഹിതന്മാർ' തന്നെയല്ലേ സമൂഹത്തിന് ദിശാബോധം നൽകിയിരുന്നതും സമുദായത്തെ നയിച്ചിരുന്നതും? പൊതുവിജ്ഞാനവും മതപരിജ്ഞാനവും കുറഞ്ഞ സമൂഹത്തിന് എന്നും ഈ പണ്ഡിതവര്യന്മാരുടെ സാന്നിധ്യം അനിവാര്യമാണെന്നും നാം ഓർക്കേണ്ടതില്ലേ?*

***എൻ.പി, റിയാദ്***

**ഇ**സ്‌ലാമിൽ പൗരോഹിത്യം ഇല്ല. 'പൗരോഹിത്യം ക്രൈസ്തവർ പുതുതായി കണ്ടെത്തിയതാണ്, നാം അവർക്ക് നിശ്ചയിച്ചതല്ല' എന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. 'ഇസ്‌ലാമിൽ പൗരോഹിത്യം ഇല്ല' എന്ന് നബി(സ)യും പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹു നിശ്ചയിച്ചതല്ലെങ്കിലും ഇസ്രയേലിൽ പൗരോഹിത്യവും പുരോഹിതന്മാരും ഉണ്ടായി. അവരെ ഈസാ(അ)യും ഖുർആനും നിശിതമായി വിമർശിച്ചു. 'അവർ ഭാരമുള്ള ചുമടുകൾ മനുഷ്യരുടെ ചുമലിൽ വെച്ചുകൊടുക്കുന്നു. സഹായിക്കാൻ ചെറുവിരൽ അനക്കാൻപോലും തയാറാവുന്നുമില്ല. മറ്റുള്ളവർ കാണുന്നതിനു വേണ്ടിയാണ് അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം ചെയ്യുന്നത്. അവർ തങ്ങളുടെ നെറ്റിപ്പട്ടങ്ങൾക്ക് വീതിയും വസ്ത്രത്തിന്റെ തൊങ്ങലുകൾക്ക് നീളവും കൂട്ടുന്നു. വിരുന്നുകളിൽ പ്രമുഖ സ്ഥാനവും സിനഗോഗുകളിൽ പ്രധാന പീഠവും നഗരവീഥികളിൽ അഭിവാദനവും ഇഷ്ടപ്പെടുന്നു. റബ്ബി.......... എന്ന് സംബോധന ചെയ്യപ്പെടാനും ആഗ്രഹിക്കുന്നു.

കപടനാട്യക്കാരായ നിയമജ്ഞരേ, ഫരീസയരേ, നിങ്ങൾക്ക് ദുരിതം! നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല. പ്രവേശിക്കാൻ വരുന്നവരെ അനുവദിക്കുന്നുമില്ല......

അന്ധരായ മാർഗദർശികളേ, കൊതുകിനെ അരിച്ചുനീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നവരാണ് നിങ്ങൾ (മത്തായി 23:4,5,6,7,13,14,25).

കപടഭക്തരും ചൂഷകരുമായ പുരോഹിതന്മാരെക്കുറിച്ച യേശുവിന്റെ നിശിത വിമർശനങ്ങളാൽ നിബിഡമാണ് ബൈബിൾ. പക്ഷേ, നിർഭാഗ്യവശാൽ ഈസാ(അ)ക്ക് ശേഷം അദ്ദേഹത്തിന്റെ അനുയായികളിൽ പൗരോഹിത്യം വളർന്നു. സ്വേഛപ്രകാരം ശരിയും തെറ്റും നിശ്ചയിക്കുന്ന, ജനങ്ങളുടെ ധനം മതത്തിന്റെ പേരിൽ അപഹരിക്കുന്ന, വേദഗ്രന്ഥം പോലും സ്വാർഥതാൽപര്യങ്ങൾക്കായി ദുർവ്യാഖ്യാനിക്കുന്ന ഇക്കൂട്ടരെ ഖുർആനും കഠിനമായി വിമർശിക്കേണ്ടി വന്നു.

'വിശ്വാസികളേ, നിശ്ചയമായും പണ്ഡിതന്മാരിലും പുരോഹിതന്മാരിലും ധാരാളം പേർ അന്യായമായി ജനങ്ങളുടെ സമ്പത്ത് ഭുജിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് അവരെ തടയുകയും ചെയ്യുന്നു' (9:34).

'അവർ തങ്ങളുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാഹുവിനെ കൂടാതെ റബ്ബുകളാക്കി; മർയമിന്റെ പുത്രൻ മസീഹിനെയും. ഏകനായ അല്ലാഹുവിനെയല്ലാതെ ഇലാഹാക്കരുത് എന്നല്ലാതെ മറ്റൊന്നും അവരോട് ആജ്ഞാപിച്ചിരുന്നില്ല. അവനല്ലാതെ ഇലാഹില്ല. അവർ പങ്കു ചേർക്കുന്നതിൽനിന്നൊക്കെയും അവൻ പരിശുദ്ധനത്രെ' (9:31).

ഈ സൂക്തം അവതരിച്ചപ്പോൾ ക്രിസ്തുമതത്തിൽനിന്ന് ഇസ്‌ലാമിലേക്ക് വന്ന അദിയ്യുബ്നു ഹാതിം നബി(സ)യോട് ഒരു സംശയം ഉന്നയിക്കുകയുണ്ടായി. 'ഞങ്ങൾ(ക്രൈസ്തവർ) പുരോഹിതന്മാരെ റബ്ബുകൾ ആക്കുന്നില്ലല്ലോ. പിന്നെ എന്തുകൊണ്ടാണ് ഖുർആൻ ഇങ്ങനെ പറയുന്നത്' എന്നായിരുന്നു സംശയം. നബി(സ) തിരിച്ചു ചോദിച്ചു: 'പണ്ഡിത പുരോഹിതന്മാർ ഹലാലാക്കുന്നത് നിങ്ങൾ ഹലാലായും അവർ ഹറാമാക്കുന്നത് നിങ്ങൾ ഹറാമായും അംഗീകരിക്കുന്നില്ലയോ?' അദിയ്യ് സമ്മതിച്ചു: 'അതെ.' 'എങ്കിൽ അതു തന്നെയാണ് അവരെ റബ്ബുകളാക്കൽ' തിരുമേനി വ്യക്തമാക്കിക്കൊടുത്തു.

ഈയടിസ്ഥാനത്തിൽ ചോദ്യത്തിന് മറുപടി കാണാൻ ശ്രമിക്കുക. ഇസ്‌ലാമിൽ പൗരോഹിത്യം ഇല്ല; പുരോഹിതരും. പക്ഷേ, ഖുർആനോ സുന്നത്തോ എന്തു പറഞ്ഞാലും ചില മുസ്‌ലിം പണ്ഡിതന്മാർ തങ്ങൾക്ക് തോന്നിയത് ഹലാലും ഹറാമും പുണ്യവും പാപവും ആയി പ്രഖ്യാപിക്കുകയും അനുയായികൾ അന്ധമായി അത് സ്വീകരിക്കുകയും ചെയ്യാറില്ലേ? ഉദാഹരണത്തിന് അല്ലാഹുവിനെ അല്ലാതെ വിളിച്ചു പ്രാർഥിക്കരുതെന്ന തൗഹീദിന്റെ അലംഘനീയ സന്ദേശത്തെ കാറ്റിൽ പറത്തി, ബദ്‌രീങ്ങൾ, ശൈഖ് മുഹ്‌യിദ്ദീൻ, മമ്പുറം തങ്ങൾ പോലുള്ള സൃഷ്ടികളെ വിളിച്ചു പ്രാർഥിക്കാമെന്ന് വാദിക്കുകയും അതിനായി പ്രമാണങ്ങളെ വളച്ചൊടിക്കുകയും ചെയ്യുന്ന പണ്ഡിതന്മാർ സമുദായത്തിലില്ലേ? ഉണ്ടെങ്കിൽ അവർ എങ്ങനെ പുരോഹിതന്മാർ അല്ലാതാവും? 145-ൽ അധികം ഹദീസുകളിലൂടെ നബി(സ) സ്ത്രീകൾക്ക് പള്ളിപ്രവേശം അനുവ

ദിച്ചിട്ടും അത് ഹറാമാണെന്ന് വിധിച്ച പണ്ഡിതന്മാർ സമുദായത്തിലില്ലേ? ഉണ്ടെങ്കിൽ അവരെ പുരോഹിതന്മാർ എന്നല്ലാതെ എന്ത് വിളിക്കണം? മുസ്‌ലിമായി പിറന്ന ഏത് മനുഷ്യനും സലാം പറയണമെന്നത് നബി(സ)യുടെ ശാസനയായിരിക്കെ സമുദായത്തിലെ മുബ്തദിഉകൾ എന്ന് തങ്ങളാൽ ആരോപിക്കപ്പെട്ടവർക്ക് സലാം ചൊല്ലരുതെന്ന മതവിധി പുറപ്പെടുവിച്ചവരെ ഏത് പട്ടികയിൽ പെടുത്തണം? ത്വരീഖത്തിന്റെയും തസവ്വുഫിന്റെയും ദിക്റിന്റെയും സ്വലാത്തിന്റെയും കൃത്രിമ മേൽവിലാസത്തിൽ ജനങ്ങളെ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും തളച്ചിട്ട് അവരുടെ പണം പിടുങ്ങുന്നത് അന്യായമായി ജനങ്ങളുടെ സ്വത്ത് പുരോഹിതന്മാർ തിന്നുന്നു എന്ന ഖുർആന്റെ ആരോപണത്തെ ശരിവെക്കുകയല്ലേ ചെയ്യുന്നത്?

ചുരുക്കത്തിൽ, അല്ലാഹുവിനെ ഭയമുള്ള, ജനങ്ങളെ നേർവഴിക്ക് നയിക്കുന്ന മതപണ്ഡിതന്മാർ ഏത് മദ്ഹബുകാരാണെങ്കിലും അവരെ കുറിച്ചല്ല പുരോഹിതന്മാർ എന്നു പറയുന്നത്. അവർ പ്രവാചകന്മാരുടെ പിൻഗാമികളാണ്. അവർ നിറവേറ്റിയതും നിറവേറ്റുന്നതുമായ സേവനങ്ങളെ വിലകുറച്ചുകാണാനും പാടില്ല. എന്നാൽ ഉൽകൃഷ്ടരായ പണ്ഡിതന്മാർക്ക് പോലും അപകീർത്തിയുണ്ടാക്കും വിധം മതവിശ്വാസങ്ങളെ കളങ്കപ്പെടുത്തുകയും തോന്നിയപോലെ മതവിധി പുറപ്പെടുവിക്കുകയും ഭൗതിക താൽപര്യങ്ങൾക്ക് മതത്തെ വിറ്റുകാശാക്കുകയും സത്യമാർഗത്തിൽനിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്ന പുരോഹിതന്മാരെ അനർഹമായി ആദരിക്കാൻ വയ്യ. അവരെ തുറന്നുകാട്ടി ജനങ്ങളെ ചൂഷണത്തിൽനിന്ന് മോചിപ്പിച്ചതാണ് പ്രവാചകന്മാരുടെ മാതൃക.

## പൂർവസൂരികളുടെ മാർഗം?

■ *'എന്നാൽ ഖുർആനിനെയും പ്രവാചകചര്യയെയും മനസ്സിലാക്കേണ്ടത്, വ്യാഖ്യാനിക്കേണ്ടത്, സ്വീകരിച്ചാചരിക്കേണ്ടത് അവ പ്രവാചകൻ(സ) വിശദീകരിക്കുമ്പോൾ പ്രഥമ സംബോധിതരായ സ്വഹാബികൾ എങ്ങനെ മനസ്സിലാക്കി എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഈ രീതിശാസ്ത്രം മാറ്റിനിർത്തി ചിലർ സ്വയം വ്യാഖ്യാനിക്കാൻ തുടങ്ങിയപ്പോൾ പുതിയ ആശയങ്ങൾ ഉടലെടുത്തു. അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കാം! മുഹമ്മദ് നബി(സ)ക്ക് ശേഷം വീണ്ടും പ്രവാചകൻ വന്നു!! കലിമത്തുത്തൗഹീദ് പൂർത്തിയാകണമെങ്കിൽ ഭരണം വേണം!!! നമസ്കാരം മൂന്ന് വഖ്ത്!? യുദ്ധ സന്ദർഭത്തിലിറങ്ങിയ ആയത്തുകൾ ഇന്ത്യയിലും ബാധകം!!! സംഘടിത ദീനീ പ്രവർത്തനം ബിദ്അത്ത്!.......... എല്ലാവരും തങ്ങൾ ഉന്നയിക്കുന്ന വാദങ്ങൾക്ക് പറയുന്ന തെളിവ് ഖുർആനും ഹദീസും?! ഇവിടെയാണ് സലഫുകളുടെ മാർഗത്തിന്റെ (മൻഹജ്) പ്രസക്തി.' (ചങ്ങരംകുളം സമ്മേളനം-മോചനത്തിന്റെ നേർവഴി-ലഘുലേഖയിൽനിന്ന്)*

യഥാർഥ പ്രവാചക ദൗത്യം ഏറ്റെടുത്തു പ്രവർത്തിക്കുന്നവർ ഞങ്ങളാണ് എന്ന് ധ്വനിപ്പിക്കുന്ന മുകളിൽ പരാമർശവിധേയമായ ആശയങ്ങളെക്കുറിച്ച് എന്ത് പറയുന്നു?

***ബി. ഉമൈറ ഹസൻ, തിരുവട്ടൂർ***

'**ഞാ**ൻ രണ്ടുകാര്യങ്ങൾ നിങ്ങളിൽ വിട്ടേച്ചു പോവുന്നു. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതരുടെ ചര്യയും. രണ്ടും മുറുകെ പിടിക്കുവോളം നിങ്ങൾ വഴിതെറ്റുകയില്ലതന്നെ' - നബി(സ)യുടെ ഈ വസ്വിയ്യത്ത് നിലനിൽക്കുവോളം അടിസ്ഥാന പ്രമാണങ്ങൾ ഖുർആനും സുന്നത്തും തന്നെ. പക്ഷേ, അവ രണ്ടിനും തങ്ങൾ നൽകുന്ന വ്യാഖ്യാനങ്ങൾ മാത്രമാണ് ശരിയെന്ന് ആര് ശഠിച്ചാലും അതിന് പ്രമാണങ്ങളുടെയും യുക്തിയുടെയും പിൻബലം വേണം. അല്ലാതെ കേവലമായ അവകാശ വാദങ്ങൾക്ക് നിലനിൽപില്ല. നബി(സ)യോടൊപ്പം തൗഹീദിനെ പ്രബോധനം ചെയ്യുകയും അത് സ്ഥാപിക്കാനുള്ള യത്നത്തിൽ ഹിജ്റ പോവുകയും ഹിജ്റയോടെ ഇസ്‌ലാമിക സ്റ്റേറ്റ് സ്ഥാപിക്കുകയും അത് പ്രയോഗതലത്തിൽ വിജയിപ്പിക്കുകയും ചെയ്തവരാണ് സ്വഹാബികൾ. തിരുമേനിയുടെ വിയോഗാനന്തരം ഇസ്‌ലാമിക ഖിലാഫത്ത് മാതൃകാപരമായി നിലനിർത്തിയവരും അവരാണ്. ഖുലഫാഉർ റാശിദുകളുടെ മാതൃക പിൻപറ്റാൻ നബി(സ) ഉദ്ബോധിപ്പിച്ചിട്ടുള്ളതും അനിഷേധ്യമാണ്. എങ്കിൽ, പിന്നീടെപ്പോഴാണ് സ്റ്റേറ്റും ഖിലാഫത്തും രാഷ്ട്രീയവും ഇസ്‌ലാമിന് പുറത്തായത്? തൗഹീദിന്റെ അരാഷ്ട്രീയവത്കരണത്തിന് എന്താണു ന്യായം? തങ്ങളുടെ സങ്കുചിത തൗഹീദ് വാദം ഖുർആന്റെയും സുന്നത്തിന്റെയും ഇസ്‌ലാമിക ചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ തെളിയിക്കാത്തേടത്തോളം നമ്മുടെ നാട്ടിലെ മുജാഹിദ് കൂട്ടായ്മകൾ പ്രതിക്കൂട്ടിലാണ് - സമ്മേളിക്കുന്നത് പനമരത്തായാലും ചങ്ങരംകുളത്തായാലും.

## ബേനസീറിന്റെ വധത്തിനുപിന്നിൽ ജമാഅത്തെ ഇസ്‌ലാമി?

■ *ചോദ്യം: ബേനസീറിന്റെ മരണത്തെ എങ്ങനെ കാണുന്നു?*

*ഉത്തരം: ഇതൊരു വലിയ മരണമാണ്. എന്നെ സംബന്ധിച്ച്, ബേനസീറിന്റെ ജീവിതത്തേക്കാൾ മഹത്താണ് അവരുടെ മരണം. അവർ തിരിച്ചുവന്നതുതന്നെ പാകിസ്ഥാനിലേക്കായിരുന്നില്ല, മരണമുഖത്തേക്കായിരുന്നു എന്ന് പറയാം. ചുറ്റിലും മരണദൗത്യവുമായി താലിബാനും അൽകാഇദയും ജമാഅത്തെ ഇസ്‌ലാമിയും പോലുള്ളവർ.*

*ആയുധം കൊണ്ടുമാത്രം സംസാരിക്കാൻ അറിയുന്ന, അതുമാത്രമാണ് പോംവഴിയെന്ന് വിചാരിക്കുന്ന, അതാണ് രാഷ്ട്രീയമെന്ന് വിശ്വസിക്കുന്ന മതതീവ്രവാദികൾക്കിടയിലേക്കാണ് ബേനസീർ വരുന്നത്. എതിരേറ്റതുതന്നെ ഒട്ടേറെ ജീവനെടുത്ത സ്ഫോടനങ്ങൾ.*

*ചോദ്യം: എന്തുകൊണ്ട് അവർ മതതീവ്രവാദികളുടെ ഉന്നമായി?*

*ഉത്തരം: രണ്ടു മൂന്നു നിലയ്ക്ക് ബേനസീർ മതതീവ്രവാദികൾക്ക് കണ്ണിലെ കരടായിരുന്നു. ഒന്ന്, അവർ സ്ത്രീയാണ്. സ്ത്രീവിരുദ്ധമായ മതവികാരത്തിന്റെ മൂർത്തീഭാവമാണ് മതതീവ്രവാദികൾ. തങ്ങൾ സ്ത്രീ വിരോധികളല്ല എന്ന് തെളിയിക്കാൻ അയൂബ്ഖാനെതിരെ ജിന്നയുടെ സഹോദരിയായ ഫാത്തിമ ബീവിയെ തിരഞ്ഞെടുപ്പിൽ നിർത്തിയ കഥ പറയാറുണ്ട് ജമാഅത്തെ ഇസ്‌ലാമിയെപ്പോലുള്ളവർ.*

*അവരുടെ വാദം ശരിയല്ല. ജിന്നയുടെ പാരമ്പര്യം പറയാൻ ആരുമില്ലാത്ത ഘട്ടത്തിലാണ് അവർ അന്ന് ജിന്നയുടെ സഹോദരിയെ മതതീവ്രവാദികളുടെ കണ്ണിലെ കരടായിരുന്ന അയൂബ്ഖാനെതിരെ മത്സരിപ്പിച്ചത്. ജിന്നയുടെ ഏകമകൾ പാഴ്സിയെ വിവാഹം കഴിച്ചതിന്റെ പേരിൽ പിതാവിന്റെ വിരോധം സമ്പാദിച്ചിരുന്നു.*

*അന്ന് അൽകാഇദയോ താലിബാനോ ഉണ്ടായിരുന്നില്ല എന്നും ഓർക്കണം. ജമാഅത്തെ ഇസ്‌ലാമിക്ക് ഒരു സ്വാധീനവും ഉണ്ടായിരുന്നുമില്ല. 60 കൊല്ലം മുമ്പ് വർഗീയവാദികൾക്ക്*

*സ്ത്രീവിരുദ്ധത മറച്ചുവെയ്ക്കേണ്ടിയിരുന്നു. അനുകൂല സമയത്താണ് അവർ തനിസ്വരൂപം പുറത്തെടുക്കുന്നത്." (എം. എൻ കാരശ്ശേരിയുമായുള്ള അഭിമുഖത്തിൽനിന്ന്, കലാകൗമുദി, ലക്കം: 1687, ജനുവരി: 6, 2008)*

ബേനസീറിന്റെ കൊലപാതകത്തിനുപിന്നിൽ ജമാഅത്തെ ഇസ്‌ലാമിക്കും പങ്കുണ്ടെന്നുള്ള ഈ വിലയിരുത്തലിനെക്കുറിച്ച് മുജീബ് എന്തുപറയുന്നു?

***ശബ്ന കുറ്റമ്പാറ***

**വി**വരക്കേടും വിദ്വേഷവും ആഴത്തിൽ ഗ്രസിച്ച ഒരു മനസ്സിന്റെ യുക്തിശൂന്യമായ വിങ്ങിപ്പൊട്ടൽ എന്നേ ഈ ജൽപനങ്ങളെ വിലയിരുത്താനാവൂ. ബേനസീർ ഭുട്ടോയുടെ വധത്തിനുപിന്നിൽ ആരെന്നതിനെക്കുറിച്ച് അന്വേഷണം ആരംഭിച്ചതേയുള്ളൂ. പാകിസ്താനിലെ ഏകാധിപതി ജനറൽ മുശർറഫിനും അമേരിക്കക്കും ബേനസീറിന്റെ വധത്തിൽ അനിഷേധ്യ പങ്കുള്ളതായി അവരുടെ പാർട്ടിയായ പി.പി.പിയും പാക്ജനതയിലെ ഭൂരിപക്ഷവും വിശ്വസിക്കുന്നു. പി.പി.പിയിലെ ഉത്തരവാദപ്പെട്ട ഒരു നേതാവുപോലും പാക് ജമാഅത്തെ ഇസ്‌ലാമിക്ക് അതിൽ എന്തെങ്കിലും പങ്കുള്ളതായി ആരോപിച്ചിട്ടില്ല. ആ രാജ്യത്തെ ഒരു രാഷ്ട്രീയ പാർട്ടിക്കും അങ്ങനെയൊരു സംശയമില്ല. അൽഖാഇദയെ കുറ്റപ്പെടുത്തുന്ന മുശർറഫും ജമാഅത്തിനെ വെറുതെ വിട്ടിരിക്കുന്നു. തനിക്ക് സർക്കാറിലും ഇന്റലിജൻസിലും ശത്രുക്കളുണ്ടെന്ന് മരിക്കുന്നതിന് മുമ്പ് ചൂണ്ടിക്കാട്ടിയ ബേനസീർ ഭുട്ടോയും ജമാഅത്തെ ഇസ്‌ലാമിയുടെയോ എം.എം.എയുടെയോ നേരെ സംശയത്തിന്റെ കണികപോലും ഉയർത്തിയിരുന്നില്ല. ബേനസീർ ഇലക്ഷൻ പ്രചാരണത്തിനുവേണ്ടി പാകിസ്താനിൽ വീണ്ടും കാലുകുത്തിയപ്പോൾ നടത്തിയ ആദ്യനീക്കങ്ങളിലൊന്ന് ജമാഅത്തെ ഇസ്‌ലാമി അധ്യക്ഷൻ ഖാദിഹുസൈനുമായി ചർച്ച നടത്തി ജനാധിപത്യ പുനഃസ്ഥാപനത്തിന് വഴിതേടുകയായിരുന്നു. അവർ വധിക്കപ്പെട്ടപ്പോഴാകട്ടെ പാക് ജമാഅത്ത് വധത്തെ ശക്തമായി അപലപിക്കുകയും ബന്ദാചരിക്കുകയും ചെയ്തു. നേരത്തേ രണ്ടുതവണ തെരഞ്ഞെടുപ്പുകളിലൂടെ പാകിസ്താന്റെ പ്രധാനമന്ത്രിയായിരുന്നിട്ടുണ്ട് ബേനസീർ ഭുട്ടോ. സ്ത്രീയായതിന്റെ പേരിലാണ് തങ്ങൾ അവരെ എതിർക്കുന്നതെന്ന് ജമാഅത്തോ മറ്റു മത രാഷ്ട്രീയ സംഘടനകളോ പറഞ്ഞിട്ടില്ല. പക്ഷേ, ഒന്നുമറിയാതെ ഇവിടെയിരിക്കുന്ന ചില മതേതര നാട്യക്കാർ തീരുമാനിച്ചിരിക്കുന്നു, പെണ്ണായതിന്റെ പേരിൽ മതരാഷ്ട്രവാദികൾ ബേനസീറിനെ കൊന്നുകളയുകയായിരുന്നു എന്ന്. സാക്ഷാൽ താലിബാനികൾപോലും പറയുന്നു സ്ത്രീകളെ തങ്ങൾ കൊല്ലാറില്ലെന്ന്.

1964-ൽ പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയെ പട്ടാള ഏകാധിപതി ജനറൽ അയ്യൂബ്ഖാൻ നിരോധിച്ച വേളയിലായിരുന്നു താൻ പടച്ചുണ്ടാക്കിയ 'ബേസിക് ഡെമോക്രസി'യിലൂടെ അദ്ദേഹം പ്രസിഡന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. അദ്ദേഹത്തിനെതിരെ രംഗത്തിറങ്ങി മത്സരിക്കാൻ ധൈര്യപ്പെട്ടത് പാകിസ്താൻ സ്ഥാപകന്റെ സഹോദരി ഫാത്തിമ ജിന്നയും. മുസ്‌ലിം ലീഗിന്റെ സ്ഥാനാർഥിയായിരുന്ന അവരെ പിന്താങ്ങുകയാണ്, നിരോധം സുപ്രീംകോടതി റദ്ദാക്കിയതിനെത്തുടർന്ന് വീണ്ടും പ്രവർത്തനക്ഷമമായ ജമാഅത്തെ ഇസ്‌ലാമി ചെയ്തത്. സ്ത്രീയെ പിന്താങ്ങിയതിന്റെ പേരിൽ മതപണ്ഡിതന്മാർ കൂട്ട ഫത്‌വയുമായി ഇറങ്ങിയപ്പോൾ തന്റെ തീരുമാനത്തെ ശക്തിയായി ന്യായീകരിക്കുകയായിരുന്നു സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി. ജിന്നയുടെ മകൾ ഇന്ത്യയിലായിരുന്നു, പാകിസ്താനിലായിരുന്നില്ല. അവരെക്കുറിച്ച് പാകിസ്താനിലെ മതസംഘടനകൾ ഒന്നും പറഞ്ഞിരുന്നുമില്ല. പാകിസ്താനിൽ അയ്യൂബ്ഖാൻ മുതൽ മുശർറഫ് വരെ എല്ലാ പട്ടാളഭരണാധികാരികൾക്കുമെതിരെ ജനാധിപത്യ പുനഃസ്ഥാപനത്തിനുവേണ്ടി പൊരുതിയതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രം. ഇസ്‌ലാമിനെ കൈയൊഴിഞ്ഞ മതേതര ബുദ്ധിജീവിനാട്യക്കാരാവട്ടെ, എക്കാലത്തും ഏകാധിപതികളോടും അമേരിക്കൻ സാമ്രാജ്യവാദികളോടുമൊപ്പം നിൽക്കുകയും ചെയ്തു!. ■